പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ. 1831 4/10/2011 ൽ മറുപടിയ്ക്ക്

## <u>സ്പെഷ്യൽ സ്കൂളുകളുടെ ഗ്രാന്റ്</u>

ചോദ്യം ഉത്തരം

ശ്രീ. കെ.കെ.ജയചന്ദ്രൻ : ഡോ. എം.കെ. മുനീർ :

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി:

| | |
|---|---|
| (എ) മാനസിക വളർച്ചയില്ലാത്ത കുട്ടികൾക്കായി പ്രവർത്തിക്കുന്ന സ്പെഷ്യൽ സ്കൂളുകൾക്ക് അനുവദിച്ചു വന്ന ഗ്രാന്റ് എത്ര രൂപയാണ്; | (എ) സംസ്ഥാനത്തെ മാനസികമായ വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളുടെ കേന്ദ്ര സഹായം ലഭിക്കാത്ത പഠന സ്ഥാപനങ്ങൾക്ക് 2009-2010 സാമ്പത്തിക വർഷത്തിൽ 9.85 കോടി രൂപയും 2010-2011 ൽ 8 കോടി രൂപയും അനുവദിച്ചിരുന്നു |
| (ബി) ഈ സർക്കാർ ഇത്തരം സ്കൂളുകൾക്കായി ഗ്രാന്റ് ഇനത്തിൽ എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളത് ; | (ബി) നടപ്പ് സാമ്പത്തിക വർഷത്തിൽ ഗ്രാന്റിനത്തിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട് |
| (സി) നിലവിൽ എത്ര സ്കൂളുകൾ ഈ ഗ്രാന്റിന്റെ പരിധിയിൽ വരുമെന്ന് വ്യക്തമാക്കാമോ; | (സി) സംസ്ഥാനത്തൊട്ടാകെ കേന്ദ്ര ഗവൺമെന്റ് സ്കീമിൽപ്പെടാത്ത 181 സ്ഥാപനങ്ങൾക്ക് ഈ പ്രയോജനം ലഭിക്കുന്നുണ്ട് |
| (ഡി). ഇത്തരം സ്കൂളുകൾക്ക് ഗ്രാന്റ് | (ഡി) ഇത്തരം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് |

| | |
|---|---|
| അനുവദിക്കുന്നതിനായി ഒരു പ്രത്യേക ഹെഡ് ഓഫ് അക്കൗണ്ട് അനുവദിക്കുമോ; | അനുവദിക്കുന്നതിനായി 2202-80-800-63 (പ്ലാൻ) എന്ന ശീർഷകത്തിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഇ ) വരും വർഷങ്ങളിൽ ഈ ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ? | (ഇ ) പരിശോധിക്കാവുന്നതാണ് . |

R. Vijayesh

സെക്ഷൻ ഓഫീസർ